E - 81613/2020



"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കു ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്നതിനുള്ള സാമ്പത്തിക സഹായ പദ്ധതിയ്ക്ക് 'സഫലം' എന്ന് നാമകരണം ചെയ്ത് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(സാധാ)നം. 258/2020/സാ.നീ.വ   തീയതി, തിരുവനന്തപുരം, 20.06.2020**

---

പരാമർശം:(1) സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നിന്നുള്ള 03.03.2020 ലെ സി4-959/2020-സാനീവ നമ്പർ കത്ത്.

(2) 13.05.2020 ലെ ഒന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ മിനിട്ട്സ്.

**<u>ഉത്തരവ്</u>**

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കു അവരുടെ കഴിവിനും അഭിരുചിക്കും അനുസൃതമായി വിവിധ സാങ്കേതിക കോഴ്സുകളിൽ പ്രവേശനം ലഭ്യമാകുന്ന പക്ഷം അവരുടെ പഠനം ഉറപ്പാക്കുക എന്നത് ട്രാൻസ്ജെന്റർ വ്യക്തികളുടെ തൊഴിൽ സാദ്ധ്യത ഉയർത്തുന്നതിനും അതുവഴി സാമൂഹ്യ പുനസംയോജനത്തിനു പ്രാപ്തരാക്കുന്നതിനുമുള്ള ഫലപ്രദമായ ഒരു മാർഗ്ഗമാണെന്നും മെച്ചപ്പെട്ട വിദ്യാഭ്യാസ നിലവാരവും സാങ്കേതിക മികവും പ്രകടമാക്കുന്ന പല വിദ്യാർത്ഥികൾക്കും പഠനം തുടരുന്നതിനു അനുയോജ്യമായ ചുറ്റുപാടുകൾ ഇല്ലാത്തതിനാൽ പാതിവഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ട അവസ്ഥ നിലവിലുണ്ടെന്നും, ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കി അർഹരായ ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്കു മെച്ചപ്പെട്ട പഠന സാഹചര്യങ്ങൾ ഒരുക്കുന്നതിനായി ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ധനസഹായ പദ്ധതി ആരംഭിക്കുന്നത് ഉചിതമായിരിക്കുമെന്ന് സാമൂഹ്യനീതി ഡയറക്ടർ അറിയിച്ചിരിക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതിയുടെ നിബന്ധനകൾ അംഗീകരിച്ച് ടി പദ്ധതിക്ക് 'സഫലം' എന്ന് നാമകരണം ചെയ്ത് നടപ്പിലാക്കുന്നതിനും, 2020-21 സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിലേക്കാവശ്യമായ 20,00,000/- രൂപ മാത്രം (ഇരുപതു ലക്ഷം രൂപ മാത്രം) ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി 2235-60-200-64 P ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപയിൽ നിന്നും ചിലവഴിക്കുന്നതിനുമുള്ള ഭരണാനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

15 (c)

11/9

11/46

(2) 13.05.2020 ലെ ഒന്നാം വകുപ്പുതല വർക്കിംഗ് ഗ്രൂപ്പുയോഗത്തിൽ ടി ശുപാർശ അംഗീകരിച്ചിട്ടുണ്ട്.

(3) സർക്കാർ ഈ വിഷയം പരിശോധിക്കുകയും പ്രസ്തുത പദ്ധതിയുടെ നിബന്ധനകൾ അംഗീകരിച്ച് ടി പദ്ധതിക്ക് 'സഫലം' എന്ന് നാമകരണം ചെയ്ത് നടപ്പിലാക്കുന്നതിനും ആയതിലേയ്ക്കാവശ്യമായ തുകയായ 20,00,000/-രൂപ മാത്രം (ഇരുപതു ലക്ഷം രൂപ മാത്രം) 2020-21 സാമ്പത്തിക വർഷത്തിൽ ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി 2235-60-200-64 P ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 450 ലക്ഷം രൂപയിൽ നിന്നും ചിലവഴിക്കുന്നതിനുമുള്ള ഭരണാനുമതി നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സാമൂഹ്യനീതി (എ) വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ